മെട്രോ വാർത്ത
1192 കർക്കിടകം 11 /1438 ദുൽഖഅദ് 3
2017 ജൂലൈ 27 വ്യാഴം

## മഹാസഖ്യം തകരുമ്പോൾ

ബിഹാറിൽ കൊട്ടിഘോഷിച്ചു കെട്ടിപ്പൊക്കിയ രാഷ്ട്രീയ മഹാസഖ്യം പൊട്ടിച്ചിതറിയിരിക്കുന്നു. സഖ്യത്തിനു നടുനായകത്വം വഹിച്ച നിതീഷ് കുമാർ മുഖ്യമന്ത്രി സ്ഥാനത്തു നിന്നു രാജിവച്ചത് ബിഹാറിൽ മാത്രമല്ല, രാജ്യത്തെമ്പാടും രാഷ്ട്രീയ കേന്ദ്രങ്ങളിൽ വലിയ തോതിൽ ചർച്ചയായിരിക്കുകയാണ്. നിതീഷ് കുമാറിന്റെ രാജി വളരെപ്പെട്ടെന്നു സംഭവിച്ച രാഷ്ട്രീയ നീക്കമല്ല. അഴിമതിക്കെതിരേ പ്രഖ്യാപിക്കപ്പെട്ട യുദ്ധത്തിന്റെ പേരിലാണതു നിതീഷ്കുമാർ കുറിക്കുന്നത്. എന്നാൽ, ഇന്ത്യയിൽ ദൃശ്യമാകുന്ന രാഷ്ട്രീയ കാലാവസ്ഥയ്ക്ക് അനുകൂലമായി നിലയുറപ്പിക്കാനുള്ള ഒരു രാഷ്ട്രീയ ചാണക്യന്റെ ചടുല നീക്കമായും ഈ രാജിയെ കാണാം. 1996ലെ കാലിത്തീറ്റ കുംഭകോണക്കേസിൽ അന്വേഷണം നേരിടുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്ത ആളാണ് ആർജെഡി നേതാവ് ലാലു പ്രസാദ് യാദവ്. 2004-09ലെ റെയ്ൽവേ ഭൂമി തട്ടിപ്പുകേസിലും ലാലു ആരോപണ വിധേയനായിരുന്നു. അക്കാര്യം മനസിലാക്കിത്തന്നെയാണ് ലാലുവുമായി നിതീഷ് സഖ്യത്തിലേർപ്പെട്ടത്. അന്നത്തെ അഴിമതിയുടെ പേരിലാണ് ലാലുവിന്റെ മകനും ബിഹാർ ഉപമുഖ്യമന്ത്രിയുമായ തേജസ്വി യാദവിനെതിരേ സിബിഐ അന്വേഷണം തുടങ്ങിയത്. അതിൽ പ്രകോപിതനായ ലാലുവും തേജസ്വിയും കൈക്കൊണ്ട നിലപാടുകളിൽ പ്രതിഷേധിച്ചാണു നിതീഷിന്റെ രാജി. അഴിമതിക്കെതിരേയാണു യുദ്ധമെങ്കിൽ ഇപ്പോഴത്തെ ഈ രാജിയെക്കാൾ നല്ലത് അന്നു സഖ്യമുണ്ടാക്കാതിരിക്കുകയായിരുന്നു എന്നു കരുതുന്ന നിരീക്ഷരെയും കുറ്റം പറയരുത്.

ദീർഘകാലം ബിജെപിക്കൊപ്പമായിരുന്നു നിതീഷ്കുമാർ. അഡ്വാനി അടക്കം മുതിർന്ന നേതാക്കളെ തഴഞ്ഞ് നരേന്ദ്ര മോദി പ്രധാനമന്ത്രി സ്ഥാനത്തേക്കെത്തുന്നതു ചെറുക്കാനായിരുന്നു അവരുമായി സഖ്യം വിടർത്തിയത്. മോദിയും അമിത് ഷായും നയിക്കുന്ന പുതുതലമുറ ബിജെപിയെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ തോൽപ്പിക്കാനാണ് നിതീഷ് മഹാസഖ്യത്തിനു തയാറായത്. ബിഹാറിലെ തന്റെ ബദ്ധവൈരിയായ ലാലു പ്രസാദ് യാദവിനെയും ദേശീയതലത്തിൽ ബിജെപിയുടെ മുഖ്യഎതിരാളി കോൺഗ്രസിനെയും തന്റെ ജെഡിയുവിനെയും കൂട്ടിക്കെട്ടിയുണ്ടാക്കിയ മഹാസഖ്യം. അതു രാഷ്ട്രീയമായി വിജയിക്കുകയും ചെയ്തു, അവിടെ.

എന്നാൽ, കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ദേശീയ രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾ വന്നു. 18 സംസ്ഥാനങ്ങളിൽ ബിജെപിയോ അവരുടെ സഖ്യകക്ഷികളോ ആണു ഭരിക്കുന്നത്. കൈവിരലിൽ എണ്ണാവുന്ന സംസ്ഥാനങ്ങളിൽ മാത്രമേ കോൺഗ്രസുള്ളൂ. നിലവിലെ സാഹചര്യത്തിൽ 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിലും ബിജെപി തന്നെ അധികാരത്തിലെത്താനാണു സാധ്യത. ആ നിലയ്ക്ക് എൻഡിഎയുടെ ഘടകകക്ഷിയാകുന്നതാണ് ജെഡിയുവിനു നേട്ടമെന്നു നിതീഷ് കരുതുന്നു. തന്നെയുമല്ല, 243 അംഗങ്ങളുള്ള ബിഹാർ നിയമസഭയിൽ കേവല ഭൂരിപക്ഷത്തിന് 122 പേരുടെ പിന്തുണ മതി. ഇപ്പോഴത്തെ സഭയിൽ നിതീഷിന്റെ പാർട്ടിക്ക് 71 അംഗങ്ങളുണ്ട്. ബിജെപിക്ക് 53 പേരും. നിതീഷ് ആവശ്യപ്പെട്ടാൽ പിന്തുണ നൽകാമെന്നു ബിജെപി ഇന്നലെത്തന്നെ അറിയിച്ചിട്ടുമുണ്ട്. ആ സ്ഥിതിക്ക് ഇന്നലത്തെ രാജി ലാഭക്കച്ചവടമായിത്തന്നെ നിതീഷ് കാണുന്നു. ബുദ്ധിയുള്ള രാഷ്ട്രീയ നേതാവിൽ നിന്നു പ്രതീക്ഷിക്കാവുന്ന കൂറുമാറ്റം തന്നെയാണത്. പക്ഷേ, രാഷ്ട്രീയത്തിലെ സത്യസന്ധതയുടെ പ്രസക്തി കണക്കാക്കുമ്പോൾ നിരാശപ്പെടുത്തുന്നതും. ബിജെപിക്കെതിരേ പ്രസംഗിച്ചു വോട്ടു നേടി അധികാരത്തിൽ വന്നവർ ബിജെപിയോടു ചേർന്നു ഭരിക്കുന്നതാവുമല്ലോ ഇനി ബിഹാറിൽ കാണുക.

ദേശീയ രാഷ്ട്രീയത്തിൽ വിശാല പ്രതിപക്ഷ മുന്നണി നീക്കങ്ങൾക്കുള്ള തിരിച്ചടി കൂടിയാണു നിതീഷിന്റെ കളംമാറൽ. ശക്തമായ പ്രതിപക്ഷമാണ് ഭരണാധികാരികളുടെ ശരിയായ തിരുത്തൽ കേന്ദ്രം. ഭരണത്തെയും ഭരണകർത്താക്കളെയും ശരിയായി നിരീക്ഷിക്കാനും വിലയിരുത്താനും ശക്തമായ പ്രതിപക്ഷത്തിനു കഴിയും, കഴിയണം. ഭരണപക്ഷമെന്ന നിലയിൽ വളരെ ശക്തമായ സ്ഥിതിയിലാണു ബിജെപി. അടുത്തെങ്ങും അതിന് ഉലച്ചിൽ സംഭവിക്കുമെന്നു തോന്നുന്നില്ല. എന്നാൽ, പ്രതിപക്ഷത്തിന്റെ സ്ഥിതി അതല്ല. കോൺഗ്രസ് പാർട്ടിക്കു ശക്തമായ നേതൃത്വമില്ല. അനാരോഗ്യം മൂലം വിഷമിക്കുന്ന സോണിയ ഗാന്ധിക്കു വിരമിക്കാൻ പോലും കഴിയാത്ത അവസ്ഥ. സിപിഎമ്മും നല്ല നിലയിലല്ല. കേരളവും ത്രിപുരയും കൈയിലുണ്ടെങ്കിലും പാർലമെന്റിലെ അംഗബലം തീരെ കുറവാണ് ഇടതുപക്ഷത്തിന്. ദുർബലമെങ്കിലും കോൺഗ്രസും ഇടതുപക്ഷവുമടക്കം പ്രതിപക്ഷം ഒരുമിച്ചു ചേർന്നുള്ള മഹാസഖ്യം തന്നെയാണു ബിജെപിയുടെ ബദൽ. അത്തരമൊരു രാഷ്ട്രീയ ബദൽ ഇന്ത്യയുടെ ഫെഡറൽ കെട്ടുറപ്പിന് അനിവാര്യമാണ്. അതിനുള്ള സാധ്യതകൾക്കു മങ്ങലേൽക്കുന്നു അധികാരം എന്ന ഏക അജൻഡയിൽ സംസ്ഥാനങ്ങളിലെ പ്രബല രാഷ്ട്രീയ കക്ഷികൾ ഭരണപക്ഷത്ത് ഒരുമിച്ചു കൂടുന്നത്.

# ടെലികോം നയങ്ങൾക്കു പുതുസങ്കൽപ്പം വേണം





രാജീവ് ചന്ദ്രശേഖർ എംപി

### പരിഷ്കാരങ്ങൾക്ക് കാൽ നൂറ്റാണ്ടാകുന്നു

ആധുനിക ഭാരതത്തിലെ ടെലികോം പരിഷ്കാരങ്ങൾ 25 വർഷങ്ങൾ പൂർത്തിയാക്കുന്ന ചരിത്ര നേട്ടം 2018ൽ യാഥാർഥ്യമാകാൻ പോകുന്നു. 1993ലാണു നാലു മെട്രൊ നഗരങ്ങളിൽ സെല്ലുലാർ ഫോൺ സേവനത്തിനുള്ള ലൈസൻസ് ആദ്യമായി സ്വകാര്യ കമ്പനികൾക്ക് അനുവദിച്ചു നൽകിയത്.

ഒരു ഫോൺ കണക്ഷൻ കിട്ടണമെങ്കിൽ മൂന്നോ നാലോ വർഷം കാത്തിരിക്കേണ്ടിയിരുന്ന കാലം. ലോക്കൽ കോൾ, ട്രങ്ക് കോൾ, ലൈറ്റ്നിങ് കോൾ, തത്ക്കാൽ തുടങ്ങിയ പദങ്ങളൊക്കെ അക്കാലത്ത് ജനങ്ങൾക്ക് ഏറെ പരിചിതമായിരുന്നു. പുതുതായി കടന്നുവന്ന മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നത് അന്നു ചെലവേറിയ കാര്യമായിരുന്നു. ഒരു വിളിക്ക് 16.80 രൂപ വരെയായിരുന്നു നിരക്ക്. എന്നാൽ 1993ലെ അവസ്ഥയിൽ നിന്നു രാജ്യവും പൗരന്മാരും ഡിജിറ്റൽ സാമ്പത്തിക വ്യവസ്ഥയുമൊക്കെ ബഹുദൂരം മുന്നേറിയിരിക്കുന്നു.

കാൽ നൂറ്റാണ്ടു മുൻപു ടെലികോം രംഗത്ത് പരിഷ്കാരങ്ങൾ മുളയിട്ട കാലം മുതൽക്ക് പ്രസ്തുത മുന്നേറ്റത്തിന്റെ ഭാഗമാകാൻ കഴിഞ്ഞ ഒരു വ്യക്തിയാണു ഞാൻ. അന്നത്തെ പ്രധാനമന്ത്രി നരസിംഹ റാവു ടെലികോം മേഖല ഉൾപ്പെടെ രാജ്യത്തെ സാമ്പത്തിക രംഗത്തിന്റെ വാതായനങ്ങൾ വിശാലമായി തുറന്നിട്ട കാലം. അന്ന് 26 വയസുള്ള ഞാൻ സിലിക്കോൺ വാലിയിലെ സെമി കണ്ടക്റ്റർ വ്യവസായ രംഗത്തെ അവസരം ഉപേക്ഷിച്ചു സ്വന്തം മണ്ണിലെ സാധ്യതകൾ തേടിയെത്തുകയായിരുന്നു. ടെലികോം രംഗം 25 സാർഥകവർഷങ്ങൾ താണ്ടുമ്പോൾ അതിനു നിദാനമായ പരിഷ്കാരങ്ങൾ കൊണ്ടുവന്ന മുൻ പ്രധാനമന്ത്രി നരസിംഹ റാവുവും അർഹമായ രീതിയിൽ സ്മരിക്കപ്പെടേണ്ടതുണ്ട്.

കാൽ നൂറ്റാണ്ടിനിടെ രാജ്യം കണ്ട ഏറ്റവും വലിയ പരിവർത്തനങ്ങൾക്കാണു ടെലികോം മേഖല സാക്ഷ്യം വഹിച്ചത്. സ്വകാര്യനിക്ഷേപത്തിലൂടെ ടെലികോം മേഖല കൈവരിച്ച പുരോഗതി ജനങ്ങൾ തമ്മിലുള്ള ആശയവിനിമയവും അവരുടെ ജീവിതനിലവാരവും മെച്ചപ്പെടുത്തി. 1995ൽ കേവലം ഒരു ലക്ഷം മൊബൈൽ ഫോൺ ഉപഭോക്താക്കൾ ഉണ്ടായിരുന്നിടത്ത് 2016 അവസാനം 109.95 കോടിയിലെത്തിയിരിക്കുന്നു. മിനിറ്റിന് ഒരു രൂപയിൽ താഴെ മാത്രം എന്ന നിലയിലേക്ക് നിരക്കുകൾ താഴ്ന്നതും നാം കണ്ടു.

പൗരന്മാർക്ക് മിതമായ നിരക്കിൽ ടെലികോം സേവനം നൽകുക എന്ന മുഖ്യലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ ഇക്കാലയളവിൽ വലിയ മുന്നേറ്റമാണുണ്ടായിരിക്കുന്നത്. എന്നിരിക്കിലും കാൽ നൂറ്റാണ്ട് പിന്നിട്ട മുന്നേറ്റമെന്ന നിലയ്ക്ക് ടെലികോം മേഖലയുടെ ഭാവി വളർച്ച, സാങ്കേതികവിദ്യ, ഉപഭോക്താക്കളുടെ സമീപനം എന്നിവയിലെല്ലാം സമൂലമായ മാറ്റം അനിവാര്യമായിരിക്കുന്നു. ഡിജിറ്റൽ ഇന്ത്യ, സ്മാർട്ട് സിറ്റി തുടങ്ങി സർക്കാരിന്റെ പുതിയ പദ്ധതികളുടെ ഭാഗധേയം നിർണയിക്കുന്ന ഘടകങ്ങളെന്ന നിലയ്ക്ക് ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ് സേവനങ്ങളുടെ ലഭ്യത വിന്യസിപ്പിക്കുന്നതിനു ധാരാളം കാര്യങ്ങൾ ഇനിയും ചെയ്യേണ്ടിയിരിക്കുന്നു. ദൈനംദിന കാര്യങ്ങളെ ഇന്റർനെറ്റുമായി ബന്ധിപ്പിക്കുന്ന ഇന്റർനെറ്റ് ഓഫ് തിങ്സ്, മനുഷ്യനു മാത്രം ചെയ്യാനാവുന്നത് എന്നു കരുതിപ്പോരുന്ന കാര്യങ്ങൾ സാധ്യമാവുന്ന തലത്തിലേക്ക് കംപ്യൂട്ടറുകളെ സജ്ജമാക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ അത്യന്താധുനിക സങ്കേതങ്ങൾ സംബന്ധിച്ചു സർക്കാർ നയ രൂപീകരണവും ശ്രദ്ധയും അടിയന്തരമായി ഉണ്ടാകണം.

**ടെലികോം രംഗത്തു കാതലായ പരിഷ്കാരങ്ങൾ കൊണ്ടുവന്ന മുൻ പ്രധാനമന്ത്രി നരസിംഹ റാവു അർഹമായ രീതിയിൽ സ്മരിക്കപ്പെടേണ്ടതുണ്ട്. വാജ്പേയി സർക്കാർ 1999ൽ ആവിഷ്കരിച്ച ടെലികോം നയം വൻതോതിലുള്ള ഘടനാമാറ്റങ്ങൾക്കാണു വഴിവച്ചത്. ആ നയം ഇതുവരെ ഉണ്ടായിട്ടുള്ളതിൽ വച്ച് ഏറ്റവും മികച്ചതായിരുന്നു.**

1994, 1999, 2012 വർഷങ്ങളിലെ ദേശീയ ടെലികോം നയങ്ങൾ കാൽനൂറ്റാണ്ടു കാലത്തിനിടെ ഉണ്ടായ ശ്രദ്ധേയ ചുവടുവയ്പ്പുകളാണ്. 1994ലെ ടെലികോം നയത്തിനു പിന്നാലെയാണു വൻതോതിൽ സ്വകാര്യ പങ്കാളിത്തം മേഖലയിൽ ഉണ്ടായത്. വാജ്പേയിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ 1999ലെ ടെലികോം നയം നടപ്പാക്കിയതോടെ വൻതോതിലുള്ള ഘടനാമാറ്റങ്ങൾക്കാണ് ടെലികോം മേഖല സാക്ഷ്യം വഹിച്ചത്. തൽഫലമായി ഉപഭോക്താക്കളുടെ എണ്ണം പതിന്മടങ്ങാവുകയും മൊബൈൽ സേവനദാതാക്കൾ തമ്മിൽ വലിയ മൽസരം സംജാതമാവുകയും ചെയ്തു. ഇതിനു പിന്നാലെയാണ് 1999ലെ ടെലികോം റെഗുലേറ്ററി അഥോറിറ്റി സംബന്ധിച്ച ട്രായ് നിയമവും നിയന്ത്രണ സംവിധാനങ്ങളുമൊക്കെ പ്രാബല്യത്തിൽ വന്നത്. ദൗർഭാഗ്യവശാൽ 2012ലെ ടെലികോം നയം സർക്കാരിൽ തന്നെയുള്ള ചിലർ ദുരുപയോഗിച്ചതിൽ കവിഞ്ഞ് മറ്റൊന്നും ഉണ്ടായില്ല. തന്മൂലം ടെലികോം രംഗത്തു സംജാതമായ വിശ്വാസരാഹിത്യവും കുംഭകോണങ്ങളുമൊക്കെ അന്ന് പാർലമെന്റ് അംഗമെന്ന നിലയ്ക്ക് ഞാനും ശക്തിയുക്തം എതിർത്തിരുന്നു.

പ്രായോഗികമായ ഏറ്റവും ഒടുവിലത്തെ ടെലികോം നയം 1999ലേതാണെന്നു തന്നെ കരുതേണ്ടി വരും. എന്നാൽ 2018ഓടെ പ്രസ്തുത നയവും 19 വർഷം പഴക്കമുള്ളതായിത്തീരുകയാണ്. ഇന്റർനെറ്റ് യുഗത്തിൽ ഇതൊരു വലിയ കാലയളവാണല്ലോ. പ്രസ്തുത നയങ്ങളെല്ലാം അടിമുടി പൊളിച്ചെഴുതേണ്ടത് അനിവാര്യമാവുന്നത് ഈ സാഹചര്യത്തിലാണ്.

### നയങ്ങളെ സംബന്ധിച്ച പുതുസങ്കൽപ്പം

രാജ്യത്തെ ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ് വ്യാപനം ഇപ്പോഴും കഷ്ടിച്ച് 30 ശതമാനം മാത്രമേയുള്ളൂ എന്ന വസ്തുത മുൻനിർത്തിയാകണം പുതിയ ടെലികോം നയരൂപീകരണം. നവീന സാങ്കേതിക വിദ്യകളുടെയും സേവന സംവിധാനങ്ങളുടെയും വ്യാപനം, ഗ്രാമീണർക്ക് കൂടുതൽ സേവനലഭ്യത, രാജ്യാന്തര ഗുണമേന്മാ നിർദേശങ്ങൾ പാലിക്കുന്നതിനുള്ള ശേഷി, ട്രായിക്ക് കൂടുതൽ അധികാരം എന്നീ കാര്യങ്ങളും പുതിയ നയങ്ങൾ രൂപീകരിക്കുമ്പോൾ പരിഗണിക്കപ്പെടേണ്ടതാണ്.

ഒരിടത്തു നിന്ന് മറ്റൊരിടത്തേക്കു വലിച്ചു കെട്ടിയ കമ്പികളിലൂടെ ശബ്ദം വിനിമയം മാത്രം നിലനിന്ന ഒരു കാലഘട്ടത്തിൽ രൂപം നൽകിയതും 24 വർഷത്തിലേറെ പഴക്കമുള്ളതുമായ സേവന ലൈസൻസ് സംവിധാനം പുതുക്കുന്നതിനെക്കുറിച്ചുകൂടി പരിഗണിച്ചുകൊണ്ടാവണം പുതുനയങ്ങൾ നിർമിക്കേണ്ടത്. മൊബൈൽ, ഐഎസ്പി, യൂണിഫൈഡ്, വിഎൻഒ തുടങ്ങിയ ലൈസൻസുകളുടെ കാര്യത്തിൽ ഗൗരവമേറിയ പുനർചിന്ത ആവശ്യമാണ്.

ഒരു വശത്ത് സമഗ്രവും ശാശ്വതവുമായ വികസനം സാധ്യമാക്കുന്നതിനും മറുവശത്ത് ഇപ്പോൾ രാജ്യം സ്വീകരിച്ചിട്ടുള്ള ഡിജിറ്റൽ ഇന്ത്യ, സ്മാർട്ട് സിറ്റി തുടങ്ങി സുപ്രധാന ദേശീയ പദ്ധതികളുടെ വിജയകരമായ സാക്ഷാത്കാരത്തിനും ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനും വിവരസാങ്കേതിക രംഗം പൊതുവിലും ടെലികോം മേഖല പ്രത്യേകിച്ചും കാര്യക്ഷമമായി ഉപയോഗിക്കപ്പെടേണ്ടതാണ്. ബ്രോഡ്ബാൻഡ് വ്യാപനം തടസപ്പെടുത്തുന്ന ഘടകങ്ങളെ തിരിച്ചറിഞ്ഞ് നിർമാർജനം ചെയ്യാനും പുതിയ നയങ്ങൾക്കു സാധിക്കണം. ബ്രോഡ്ബാൻഡ് മാത്രമല്ല, മുൻപ് സൂചിപ്പിച്ച ഇന്റർനെറ്റ് ഓൺ തിങ്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ സങ്കേതങ്ങളെ പരിപോഷിപ്പിക്കാനും ശേഷിയുണ്ടാകണം.

ഭാരത്നെറ്റ് പോലുള്ള സർക്കാർ സംരംഭങ്ങളുമായി കൈകോർത്തുകൊണ്ടു സ്വകാര്യ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കാൻ പുതിയ നയങ്ങളിലൂടെ സാധിക്കണം. വിവരശേഖരങ്ങളുടെ സുരക്ഷ, സൈബർ സുരക്ഷ, രാജ്യസുരക്ഷ തുടങ്ങി 2012ലെ ടെലികോം നയത്തിൽ പരിഗണിക്കപ്പെടാതെ പോയ കാര്യങ്ങളും അർഹമായ പ്രാധാന്യത്തോടെ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ഉപഭോക്താക്കളുടെ സ്വകാര്യത, ഉത്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങളുടെ പക്ഷപാതരഹിതമായ ലഭ്യത, ഉത്കൃഷ്ട സേവനം, സേവന ദാതാക്കൾക്കിടയിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ മൽസരം എന്നിവയൊക്കെ ഉൾപ്പെടുത്തേണ്ടതുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ഡിജിറ്റൽ ഉപഭോക്താക്കളുടെ അവകാശം സംരക്ഷിക്കുന്ന ഒരു മാഗ്നാ കാർട്ട തന്നെ സൃഷ്ടിക്കാൻ പുതുതായി രൂപീകരിക്കുന്ന ടെലികോം നയങ്ങൾക്കു കഴിയണം. ടെലിഫോൺ കണക്ഷനുകളിൽ നിരന്തരം ഉണ്ടാവുന്ന തടസം, ഉപഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ സേവനദാതാക്കളിലൂടെ ചോരുന്നത് തുടങ്ങിയ പ്രശ്നങ്ങൾ വെളിച്ചത്തു വന്നിട്ടുള്ള സ്ഥിതിക്ക് ഉപഭോക്താക്കളുടെ അവകാശങ്ങൾക്കു പുതിയ സംവിധാനത്തിൽ പ്രമുഖ സ്ഥാനം ലഭിച്ചേ തീരൂ.

**(രാജ്യസഭാംഗമായ ലേഖകൻ, ടെലികോം മേഖലയിലെ മുൻകാല സംരംഭകൻ കൂടിയാണ്)**

**ട്വിറ്റർ: @rajeev_mp**

# യഥാർഥ ഗാന്ധിയൻ

റിജു എൻ. രാജ്

ഗാന്ധിയൻ തത്വങ്ങൾ ജീവിതാവസാനം വരെ കാത്തുസൂക്ഷിച്ച അപൂർവ വ്യക്തിത്വമായിരുന്നു കെ.ഇ. മാമ്മൻ. കേരളത്തിന്റെ സാമൂഹ്യ- രാഷ്ട്രീയ മേഖലകളിൽ നിറഞ്ഞു നിന്നിരുന്ന സ്വാതന്ത്ര്യ സമരപോരാളി എന്ന പേരിനു പുറമെ പച്ചയായ മനുഷ്യത്വത്തിന്റെ ഉടമ കൂടിയായിരുന്നു അദ്ദേഹം. ഗാന്ധിയൻ ആദർശങ്ങളും ജീവിതരീതിയും നമ്മുടെ സമൂഹം ഏറ്റെടുക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. സ്വന്തം താത്പര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രീയ- ജാതി- മതസംഘടനകളെ അകറ്റി നിർത്തുന്നതിൽ ശ്രദ്ധിച്ചിരുന്ന മാമ്മൻ സാധാരണക്കാരുടെ ആവശ്യങ്ങൾക്കു വേണ്ടി ഭരണസ്ഥാനങ്ങളിൽ പോയി സമരം ചെയ്തു. ഇനി ഒറ്റയാൻ സമരങ്ങൾ അവസാനിപ്പിക്കാൻ സമയമായെന്നു ശരീരം പല തവണ ഓർമിപ്പിച്ചെങ്കിലും മനസ് അതിനു തയാറായില്ലെന്നതു വാർധക്യത്തിലും അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ തെളിയിച്ചു.

സെക്രട്ടേറിയറ്റ് പടിക്കൽ ആയിരങ്ങൾ പങ്കെടുക്കുന്ന സമരങ്ങൾ വിജയം കാണാതെ പോകുമ്പോൾ കെ.ഇ. മാമ്മൻ നടത്തിയ ഒറ്റയാൻ പോരാട്ടങ്ങൾ നമ്മെ ചിന്തിപ്പിക്കുന്നത് എന്താണ്. കാതലായ വിഷയങ്ങൾ ഉന്നയിക്കുന്ന സമരങ്ങളുടെ വിജയത്തിന് മാമ്മനെ പോലുള്ള ഒരൊറ്റ ആദർശ ധീരൻ മതിയെന്നതാണ്. സെക്രട്ടേറിയറ്റ് നടയിൽ കെ.ഇ. മാമ്മൻ എന്ന ഗാന്ധിയൻ നടത്തിയ സമരങ്ങൾക്കു ചുടുകാറ്റിനെക്കാളും തീക്ഷ്ണതയുണ്ടായിരുന്നു.

മദ്യത്തെയും മദ്യപാനികളെയും ഒരുപോലെ അദ്ദേഹം എതിർത്തിരുന്നു. അതിനു കൃത്യമായ ഉത്തരം തന്നെ മാമ്മൻ നൽകിയിരുന്നു. സ്വാതന്ത്ര്യം കിട്ടിയ ശേഷം ആദ്യമായി നടപ്പിലാക്കേണ്ടിയിരുന്നത് മദ്യനിരോധനമായിരുന്നു. ഗാന്ധിജി അന്നുതന്നെ അത്തരമൊരു നിർദേശം മുന്നോട്ടുവയ്ക്കുകയും ചെയ്തു. എന്നാൽ, മദ്യപന്മാരുടെ എണ്ണം വർധിച്ചുവന്നതല്ലാതെ മദ്യനിരോധനമോ മദ്യവർജന സന്ദേശമോ ഭരണാധികാരികൾ ചെവിക്കൊണ്ടില്ല. ഒരിക്കൽ സെക്രട്ടേറിയറ്റിനു മുന്നിൽ നടന്ന മദ്യവിരുദ്ധ സമരം ഉദ്ഘാടനം ചെയ്തു കൊണ്ട് മാമ്മൻ പറഞ്ഞു: മുൻപ് ഞാനും സുകുമാർ അഴീക്കോടും മദ്യവർജനത്തിനു വേണ്ടി പ്രസംഗിച്ചുനടന്ന കാലത്ത് തിരുവനന്തപുരം ഗാന്ധിപാർക്കിൽ വച്ച് 'കെ.ഇ. മാമ്മൻ ഗോ ബാക്ക്' വിളിച്ചിരുന്നു. മദ്യത്തെ എതിർക്കുന്നവരെ തല്ലാനും കൊല്ലാനും മടിക്കാത്ത ഒരു തലമുറ ഇവിടെ ഇപ്പോഴും ശക്തമാണ്. ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നതും പൊതുസമൂഹത്തിന്റെ നേർജീവിതത്തിനു തടസമാകുന്നതുമായ എല്ലാ ദുഷ്പ്രവണതകളും അവസാനിപ്പിക്കുക തന്നെ വേണം. കോൺഗ്രസ് പാർട്ടിയുടെ നയവും കാഴ്ചപ്പാടും അതായിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ, അതൊന്നും ലക്ഷ്യം കണ്ടില്ല. ദശകങ്ങൾ പിന്നിട്ട സ്വതന്ത്ര ഭാരതം ഗാന്ധിജിയെ വേദനിപ്പിക്കുന്നതിനു തുല്യമായിയെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരേ പോരാടിയതും ജീവൻ പോലും ത്യാഗം ചെയ്ത് ജനലക്ഷങ്ങൾ സമരത്തിനിറങ്ങിയതും ഇത്തരമൊരു സ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നോ എന്നു മാമ്മൻ ചോദിച്ചിട്ടുണ്ട്. അനീതിക്കെതിരേ അദ്ദേഹം എന്നും പോരാടിക്കൊണ്ടിരുന്നു.

ഞാൻ ദുഃഖിതനാണ്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപുള്ള കാലമായിരുന്നു എന്റെ ജീവിതത്തിലെ 'ഹാപ്പിയസ്റ്റ് ഡെയ്സ്'. അന്ന് ത്യാഗികൾ ഉണ്ടായിരുന്നു. സ്വന്തം ജീവിതം കൊണ്ട് പോരാടുന്നവരെ കണ്ടാണ് ഞങ്ങളുടെ തലമുറ വളർന്നത്.

സ്വാതന്ത്ര്യം കിട്ടി പതിറ്റാണ്ടുകൾ കഴിയുമ്പോൾ രാഷ്ട്രീയത്തിൽ എത്ര ത്യാഗികൾ ഉണ്ടെന്നു തെരഞ്ഞുനോക്കൂ. രാഷ്ട്രീയത്തിൽ എന്നല്ല എങ്ങും ത്യാഗികളെ കാണാനില്ല. രാഷ്ട്രീയത്തിൽ വരുന്നതു മന്ത്രിയാകാനും എംഎൽഎ ആകാനും ആണ്. നാടിന്റെ ഭാവിയെക്കുറിച്ചോർത്തു വേദനപ്പെടുന്ന എത്ര രാഷ്ട്രീയക്കാരുണ്ട്- അദ്ദേഹം ചോദിച്ചുകൊണ്ടിരുന്നു.

ലോകത്തിലെ ഏറ്റവും മികച്ച ഭരണസാഹചര്യമാണ് ഇന്ത്യയ്ക്കുള്ളത്. ഏറ്റവും മികച്ച ഭരണഘടന, ദശകങ്ങൾ പിന്നിട്ട ജനാധിപത്യം. ഇതൊന്നും ഈ ആധുനിക കാലത്തു പോലും പല രാജ്യങ്ങളിലും ഇല്ലെന്നോർക്കണം. അതുകൊണ്ടെല്ലാം എന്തു കാര്യം. കുരങ്ങന്റെ കൈയിൽ പൂമാല കൊടുത്തതുപോലെ ആയിപ്പോയി എന്നെനിക്കു തോന്നിപ്പോകുന്നു. പെൺകുട്ടികൾ അപമാനിക്കപ്പെടുന്നു, ഭരണത്തിൽ നിറയെ കള്ളന്മാർ, ജനങ്ങളുടെ അധികാരത്തെ മാനിക്കാത്ത ഉദ്യോഗസ്ഥർ, സ്വന്തം കർത്തവ്യം മറന്നുപോയ രാഷ്ട്രീയക്കാർ... ഇവയൊക്കെയാണു ഞാൻ കാണുന്നത്- അദ്ദേഹം പറഞ്ഞിട്ടുണ്ട്.



# പ്രായം തളർത്താത്ത പോരാളി

പി.ബി. ബിച്ചു

ജീവിതത്തിലുടനീളം അനീതിക്കെതിരേയുള്ള പോരാട്ടത്തിലായിരുന്നു കെ.ഇ. മാമ്മൻ. അതൊന്നും സ്വാർഥതാത്പര്യങ്ങൾക്കു വേണ്ടിയായിരുന്നില്ല. സമൂഹത്തിനു വേണ്ടി, നീതി നിഷേധിക്കപ്പെട്ടവർക്കു വേണ്ടി, ഈ നാടിനു വേണ്ടി. പോരാട്ടങ്ങളിലേക്കുള്ള അരങ്ങേറ്റം തന്നെ അന്നത്തെ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യരെ വിമർശിച്ചുകൊണ്ടായിരുന്നു. തിരുവനന്തപുരം ആർട്സ് കോളെജിൽ നടന്ന യോഗത്തിൽ ട്രാവൻകൂർ സ്റ്റുഡന്റ്സ് ഫെഡറേഷന്റെ പ്രസിഡന്റായിരുന്ന മാമ്മൻ സർ സിപിയെ വിമർശിച്ചു സംസാരിച്ചതോടെ കോളെജിൽ നിന്നു പുറത്തായി.

തുടർപഠനത്തിന് എറണാകുളം മഹാരാജാസിൽ ശ്രമിച്ചെങ്കിലും അവിടെയും പ്രവേശനം ലഭിച്ചില്ല. ഒടുവിൽ തിരുവിതാംകൂറിനു പുറത്തുള്ള തൃശൂർ സെന്റ് തോമസ് കോളെജിൽ പഠിച്ച് ഇന്റർമീഡിയറ്റ് പൂർത്തിയാക്കി. 1940ൽ മദ്രാസ് ക്രിസ്ത്യൻ കോളെജിൽ ബിരുദത്തിനു ചേർന്നു. കോളെജിലെത്തിയതോടെ സമരങ്ങളിലെ സജീവ സാന്നിധ്യമായി. എന്നാൽ 1942ലെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തതോടെ അവിടെ നിന്നും പുറത്താക്കപ്പെട്ടു. കോട്ടയം തിരുനക്കരയിൽ നടന്ന യോഗത്തിൽ സ്വാതന്ത്ര്യ സമരത്തിനായി വിദ്യാർഥികളെ ആഹ്വാനം ചെയ്തതിന്റെ പേരിൽ അറസ്റ്റ് ചെയ്ത് ലോക്കപ്പിലടച്ചു. സി. കേശവന്റെ പ്രശസ്തമായ കോഴഞ്ചേരി പ്രസംഗം മാമ്മന്റെ ജീവിതത്തെ മാറ്റിമറിച്ചു. ഇതിൽ നിന്ന് ഊർജം ഉൾക്കൊണ്ടാണ് മാമ്മൻ പൊതുപ്രവർത്തനത്തിൽ ആവേശപൂർവം പങ്കെടുക്കാൻ തുടങ്ങിയത്.

പിന്നീടങ്ങോട്ട് അടിച്ചമർത്തപ്പെട്ടവർക്കു വേണ്ടി ഒറ്റയാൻ സമരങ്ങളുടെ പാതയിലേക്ക്. ക്രിസ്ത്യൻ കോളെജിൽ നിന്ന് പുറത്താക്കപ്പെട്ടപ്പോൾ സ്കോട്ട്ലൻഡുകാരനായ പ്രിൻസിപ്പൽ റവ. ബോയിഡ് മാമ്മനെക്കുറിച്ചു പറഞ്ഞത് ഇങ്ങനെയായിരുന്നു. "നിന്റെ ധൈര്യത്തെയും രാജ്യസ്നേഹത്തെയും ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ, കോളെജിൽ നിന്ന് പുറത്താക്കാതെ നിവൃത്തിയില്ല". കലാലയത്തിലെ അദ്ദേഹത്തിന്റെ ഒറ്റയാൻ പോരാട്ടങ്ങൾ തന്നെ പ്രിൻസിപ്പലിനു മതിപ്പുളവാക്കിയെന്നത് ഈ വാക്കുകളിൽ നിന്നു വ്യക്തം.

വിദ്യാർഥികളുടെ അവകാശങ്ങൾക്കു വേണ്ടി സമരത്തിനിറങ്ങുമ്പോൾ കൂടെ എത്രപേരുണ്ടെന്ന് ഒരിക്കലും അദ്ദേഹം നോക്കിയിട്ടില്ല. മഹാത്മാ ഗാന്ധിയുടെ ആഹ്വാനമനുസരിച്ച് രാജ്യമെങ്ങും യുവാക്കൾ പഠനം ഉപേക്ഷിച്ചു സമരത്തിനിറങ്ങിയപ്പോൾ മാമ്മനും അതിനൊപ്പം ചേർന്നു. പിന്നീട് 1943ൽ നാട്ടിൽ തിരിച്ചെത്തി ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായി. ഇരുപത്തിരണ്ടാം വയസിൽ താമസം തിരുവല്ലയിലേക്കു മാറ്റി. തുടർന്ന് തിരുവല്ല -കോട്ടയം എന്നിവിടങ്ങളിലായി ദീർഘകാലം പ്രവർത്തിച്ചു.

1996ൽ മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായി വീണ്ടും തലസ്ഥാനത്തേക്ക്. പിന്നീടങ്ങോട്ട് തന്നെ കാണാനെത്തുന്നവർക്ക് കഴിയും വിധം സഹായം. അതിനുവേണ്ടി സെക്രട്ടേറിയറ്റിലേക്കു ശുപാർശയുമായി അദ്ദേഹം പോകാറില്ല. എല്ലാം നേർവഴി തന്നെ. ഇടത്-വലതു പക്ഷങ്ങൾക്കിടയിൽ തന്റേതായൊരു പക്ഷമുണ്ടാക്കാനും തലസ്ഥാനത്തെ ജീവിതം അദ്ദേഹത്തെ പഠിപ്പിച്ചു. പ്ര തിപക്ഷത്തിരിക്കുമ്പോൾ ജനങ്ങളിലേക്ക് ഓടിയെത്തുകയും ഭരണം ലഭിച്ചാൽ തിരിഞ്ഞുനോക്കാതിരിക്കുകയും ചെയ്യുന്ന എല്ലാ നേതാക്കളുമായും അദ്ദേഹം അകലം പാലിച്ചിരുന്നു. അതുകൊണ്ടു തന്നെ അവസാന കാലത്ത് മാമ്മൻ ഒറ്റയ്ക്കായി.

2013ൽ പക്ഷാഘാതം ഉണ്ടായതിനെ തുടർന്ന് നെയ്യാറ്റിൻകരയിലെ നിംസ് ആശുപത്രിയിൽ ചികിത്സ തേടി. സൗജന്യമായിട്ടായിരുന്നു ആശുപത്രി മാമ്മനെ ചികിത്സിച്ചത്. 1995ൽ കോട്ടയം വൈഎംസിഎ മദർ തെരേസ പുരസ്കാരം നൽകി ആദരിച്ചു. കൂടാതെ രാമാശ്രമം അവാർഡ്, ലോഹ്യാവിചാര വേദിയുടെ അവാർഡ്, ടി.കെ.വി ഫൗണ്ടേഷൻ, വക്കം മൗലവി അവാർഡുകൾ തുടങ്ങി നിരവധി പുരസ്കാരങ്ങൾ മാമ്മനു ലഭിച്ചിട്ടുണ്ട്. സമരപോരാട്ടങ്ങൾക്കൊടുവിൽ മാമ്മൻ വിടവാങ്ങുമ്പോൾ പുതുതലമുറയ്ക്കു മാതൃകയാകുന്നത് കക്ഷി രാഷ്ട്രീയ ഭേദമന്യേ മാനുഷിക മൂല്യങ്ങൾ മാത്രം ഉയർത്തിപ്പിടിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതം തന്നെയാണ്.

## ചിത്ര കഥ



### കരുതലിന്റെ കടലിലേക്ക്

ഇനിയും സംരക്ഷിക്കാൻ മറന്നാൽ ഒരു പക്ഷേ ഈ ലോകത്തു നിന്നു തന്നെ കടലാമകൾ ഇല്ലാതായേക്കാം. ഇറച്ചിക്കും തോടിനുമെല്ലാമായി വേട്ടയാടപ്പെടുന്ന കടലാമകൾക്കായി കരുതലിന്റെ കടൽ തന്നെ ഒരുക്കി വച്ചിരിക്കുകയാണ് തായ്ലാൻഡ്. ഓരോ വർഷവും നൂറു കണക്കിന് ആമക്കുഞ്ഞുങ്ങളെ കടലിലേക്ക് സ്വതന്ത്രരാക്കുന്നതിനായി ഒരു ദിവസം തന്നെ മാറ്റി വച്ചിരിക്കുന്നു തായ്ലാൻഡ്. വർഷാവർഷം നടത്തുന്ന കടലാമ സംരക്ഷണപരിപാടിയിൽ കടലാമകളെ സ്വതന്ത്രരാക്കാനെത്തിയ തായ് നാവികസേന ഉദ്യോഗസ്ഥർ.

## മഹദ് വചനം ലിയനാർഡോ ഡാവിഞ്ചി

**ദൃശ്യവസ്തുക്കളുടെ ആഖ്യാനത്തിൽ ചിത്രകാരനെക്കാളെത്രയോ താഴെയാണു കവി; അദൃശ്യങ്ങളുടെ കാര്യത്തിൽ സംഗീതകാരനെക്കാളും.**

# നരനെക്കാൾ ശ്രേഷ്ഠം, വാനരം

പ്രൊഫ. ദേശികം രഘുനാഥൻ

രാമകഥാമൃതം



നരനെക്കാളും ശ്രേഷ്ഠമായി മാറിയത്- അതാണു വാനരം. മൃഗഗണത്തിലാണെങ്കിലും മനുഷ്യഗണത്തെക്കാൾ സംസ്കാരം നേടിയവർ. രാമായണത്തിന്റെ പ്രമുഖമായ ഒരു കൂട്ടരാണ് വാനര കഥാപാത്രങ്ങൾ.

ഈ കഥാപാത്രങ്ങളുടെ തേജസ്വിയായ ഒന്നാമനാണു ഹനുമാൻ. ഹനുമാനെപ്പോലെ ഭാവരൂപത്തിൽ ചിരംജീവിയായ ഒരു കഥാപാത്രം ലോകത്തില്ല. ഹനുമാൻ ശക്തിസ്വരൂപനാണ്. പ്രസവിച്ചിട്ട നിമിഷത്തിൽ സൂര്യനെ പിടിക്കാൻ ചാടിയവനാണ്. ബ്രഹ്മചര്യയുടെ അവസാന വാക്കാണ്. മാതാവായ അഞ്ജന പോലും ഹനുമാന്റെ ഗുഹ്യഭാഗം കണ്ടിട്ടില്ലത്രേ. അതിന് മുൻപ് ആ ഭാഗം പ്രകൃതി വസ്ത്ര രൂപേണ മറയ്ക്കപ്പെട്ടു. അതിനു ശേഷം മനസാ, വാചാ, കർമ്മണാ ബ്രഹ്മചര്യ തേജസ് വളർന്നു വളർന്ന് തേജസ്വിയായി തീർന്ന കഥാപാത്രം. തോൽപ്പിക്കാനാവാത്ത വീര്യം. സത്യനിഷ്ഠനായ ശനീശ്വര ഭഗവാനെപ്പോലും കുമ്പിടിവിച്ച്, തന്നെ മാത്രമല്ല തന്നെ ഭജിക്കുന്ന ഭക്തരെയും മേലിൽ ഉപദ്രവിക്കില്ലെന്ന് ശനീശ്വരനിൽ നിന്നും വാഗ്ദത്തം വാങ്ങിയ ഹനുമാൻ. വേഗസ്വരൂപൻ, മാരുത പുത്രൻ, കാറ്റിനെക്കാളും വേഗത്തിൽ സഞ്ചരിക്കുന്നവൻ. മൃത സഞ്ജീവനി രാമപാദത്തിൽ സമർപ്പിച്ചത് ഈ വേഗരൂപത്തിന്റെ ദൃഷ്ടാന്തമാണ്.

സ്ത്രീയെ- ഏതു സ്ത്രീയായാലും മാതാവായി കാണുന്ന ഹനുമാൻ. മറ്റൊരു കണ്ണുകൊണ്ട് പെണ്ണിനെ കാണാൻ കൂട്ടാക്കാത്തവൻ.

നിസ്വാർഥൻ - തനിക്ക് ഒന്നും വേണ്ടായിരുന്നെങ്കിലും രാമനും രാമപക്ഷത്തിനും വേണ്ടി ജീവസമർപ്പണം നടത്താൻ പോലും മടിയില്ലാത്തവൻ.

സാഹസൻ- കടലിനപ്പുറമുള്ള സീതയെ കണ്ടുപിടിക്കാൻ മണ്ണിലോ വിണ്ണിലോ ആർക്കും സ്വയം സന്നദ്ധനാകാൻ ധൈര്യം വന്നില്ല. തനിക്കത് സാധാരണ കാര്യം എന്നു ചിന്തിച്ച് ആ സാഹസത്തിനും തയാറായവൻ.

തൻ പ്രമാണിത്വം വകവച്ചുകൊടുക്കാത്ത ഹനുമാൻ. രാവണ പ്രഭു സിംഹാസനത്തിൽ ധാർഷ്ട്യത്തോടെ ഇരുന്നപ്പോൾ അതിനെക്കാളും ഒരടി ഉയരത്തിൽ വാലുകൊണ്ട് ഇരിപ്പിടമുണ്ടാക്കി രാവണനെ ഞെട്ടിച്ചവൻ. രാമായണത്തിലെ വാനര കഥാപാത്രങ്ങൾ ഗുരുവായി സ്വീകരിക്കാൻ പോലും വൈശിഷ്ട്യമുള്ളവരാണ്. കാരണം അവർ വാ- നരന്മാരാണ്. നരന്മാരെക്കാളും സാംസ്കാരികമായി വളർന്നവരാണ്.

(ഫോൺ: 0472 2813401)